# റിസർവ് ബാങ്ക് ഓഫ് ഇന്ത്യ

ജൂൺ 01, 2017

## ശ്രീ. എസ്. ഗണേഷ് കുമാറിനെ റിസർവ് ബാങ്ക്ഓഫ് ഇന്ത്യ പുതിയ എക്സിക്യൂട്ടീവ് ഡയറക്ടറായി നിയമിക്കുന്നു.

ശ്രീ. ചന്ദൻസിൻഹ 2017 മെയ് 31 ന് സ്വമേധയാ വിവരിച്ചതിനെ തുടർന്ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ശ്രീ. ഗണേഷ്കുമാറിനെ എക്സിക്യൂട്ടീവ് ഡയറക്ടർ (ഇ.സി) യായി നിയമിച്ചിരിക്കുന്നു. ശ്രീ. എസ്. ഗണേഷ്കുമാർ ഇന്ന് ചാർജ്ജെടുത്തു.

എക്സിക്യൂട്ടീവ് ഓഫീസർ എന്ന നിലയിൽ ശ്രീ ഗണേഷ്കുമാർ വിവരസാങ്കേതിക വിദ്യാവിഭാഗം, പേയ്മെന്റ്, ആന്റ് സെറ്റിൽമെന്റ് സിസ്റ്റംസ് വിദേശത്തുള്ള നിക്ഷേപവും ഓപ്പറേഷനുകളും വിഭാഗം എന്നിവയുടെ ചുമതല വഹിക്കുന്നതാണ്.

കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാലയിൽ നിന്ന് ബിസിനസ് അഡ്മിനിസ്ട്രേഷനിൽ മാസ്റ്റർ ബിരുദം നേടിയ ശ്രീ ഗണേഷ്കുമാറിന് ലോ ആന്റ് ബാങ്കിംഗിൽ ഡിപ്ലോമ കൂടാതെ ഐ. ഐ. എം ബാംഗ്ലൂരിൽ നിന്ന് മാനേജ്മെന്റിൽ ഡിപ്ലോമയും ഉണ്ട്.

1984 ലാണ് ശ്രീ ഗണേഷ്കുമാർ റിസർവ് ബാങ്കിൽ ചേർന്നത്. സെൻട്രൽ ബാങ്കർ എന്ന നിലയിൽ അദ്ദേഹം പേമെന്റ് സിസ്റ്റംസ്, സൂപ്പർവിഷൻ, ഫോറിൻ എക്സ്ചേഞ്ച്, വിവര സാങ്കേതികവിദ്യ, സർക്കാരും ബാങ്ക് അക്കൗണ്ടും എന്നീ വിഭാഗങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. എക്സിക്യൂട്ടീവ് ഡയറക്ടറായി പ്രമോട്ടു ചെയ്യുന്നതിനുമുമ്പ് ശ്രീ ഗണേഷ് കുമാർ റിസർവ് ബാങ്ക് വിവരസാങ്കേതിക വിദ്യാവിഭാഗത്തിൽ ചീഫ് ജനറൽ മാനേജരുടെ ചാർജ്ജ് വഹിക്കുകയായിരുന്നു.

**ജോസ് ജെ. കാട്ടൂർ**
ചീഫ് മാനേജർ

പത്രപ്രസ്താവന:2017-18/3249